# മൊൺസാന്തോയും ക്രൂട്ടരും തോറ്റുവോ?

എ സ്. ഉണ്ണികൃഷ്ണൻ

1996 ലാണ് യു. എസ്. എ യിലെ അഗ്രി ബിസിനസ് രംഗത്തേക്ക് മൊൺസാന്തോ കമ്പനി ജി. എം. വിത്തുകളുമായി (GENETICALLY MODIFIED) കടന്നുവന്നത്. രാസവള ഉപയോഗം കറക്കുക, കീടങ്ങൾക്കെതിരെ പ്രതിരോധശേഷി കൂട്ടുക എന്നി ഗുണങ്ങൾ ഈ വിളകൾക്കുണ്ടെന്നായിരുന്നു പ്രചാരണം.1999 ആകുമ്പോഴേക്കും യു. എസ്. എയിൽ സോയ കൃഷിയിൽ 57% പരുത്തിയിൽ 55% ചോളത്തിൽ 33% എന്നിങ്ങനെ ജി. എം. വിളകൾ വ്യാപിച്ചു

ജനിതക എഞ്ചിനീയറിംഗ് ആണ് കലപ്പ കഴിഞ്ഞാൽ ഏറ്റവും നല്ല സങ്കേതിക വിദ്യ എന്നു പോലും മൊൺസാന്തോ ചീഫ് 1999 ൽ പറഞ്ഞു. എന്നാൽ ഇതേ എക്സിക്യൂട്ടിവിനെ ഇക്കൊല്ലം മൊൺസാന്തോയുടെ പുതിയ അവകാശികൾ താരംതാഴ്ത്തി. മറ്റൊന്നുമല്ല കാരണം പ്രവചനം തിരിച്ചടിക്കാൻ. സോയ 5% പരുത്തി 7% ചോളം 8% എന്നിങ്ങനെ ജി.എം. വിളകളുടെ വിസ്തീർണം കുറഞ്ഞു.

ഇപ്പോൾ ജനിതക വിളകൾക്കെതിരെ ആഗോള പ്രതിരോധം വർധിക്കുകയാണ്. പെട്ടെന്നുള്ള ലാഭത്തേക്കാൾ, കൃഷിയിടപരിസ്ഥിതി, ആരോഗ്യം എന്നിവയെക്കുറിച്ച് വൻഭൂവുടമകൾ പോലും ചിന്തിച്ചു തുടങ്ങിയിരുന്നു.

1970 കളിലാണ് ജനിതക എഞ്ചിനീയറിംഗിന്റെ വാണിജ്യസാദ്ധ്യതകളെക്കുറിച്ച് കോർപറേറ്റുകൾ കാര്യമായി ആലോചിച്ചു തുടങ്ങിയത്. ഇപ്പോൾ ഫാർമസ്യൂട്ടിക്കൽ, അഗ്രോ കെമിക്കൽ രംഗത്തെ പല വമ്പൻ കമ്പനികളും ജനിതക രംഗത്ത് വൻ ലാഭ സാദ്ധ്യത കണ്ട് തിരിയുകയാണ്.

എന്നാൽ പൊതുജനപ്രതിരോധം വളർന്ന് ജനിതക മാറ്റ വിരുദ്ധ കാമ്പയിൻ വിജയിക്കുന്നതായി കാണുന്നു. ഉപഭോക്താക്കൾ, സൂപ്പർമാർക്കറ്റുകൾ, ഭക്ഷ്യസംസ്കരണം നടത്തുന്നവർ എന്നിവരെല്ലാം ഉല്പന്നങ്ങളിൽ നിന്ന് ജി. എം. വസ്തുക്കൾ മാറ്റുന്ന പ്രവണത ഏഷ്യയിലും യൂറോപ്പിലും വ്യാപകമായി വരുന്നു. എന്നാലിവരുടെ ശക്തി, ലോകത്തെ രണ്ടു ഭീമൻ കമ്പനികളായ കാർഗിൽ, ആർച്ചർ ഡാനിയേൽ മിഡ്‌ലാന്റ് എന്നിവയുമായി തട്ടിച്ചുനോക്കുമ്പോൾ ഒന്നുമല്ല. സ്വാഭാവിക ഉല്പന്നങ്ങൾക്ക് വിലകൂട്ടിയും ജി. എം. ഉല്പന്നങ്ങൾക്ക് വില കുറച്ചും മാർക്കറ്റ് പിടിച്ചടക്കുകയാണ് ഇവരുടെ ലക്ഷ്യം.

ഇതിനു പുറമെ മൂന്നാം ലോക അരിവൃദ്ധിയെ ലാക്കാക്കി എറിയുന്ന പരസ്യകസർത്തുകൾ വ്യാപകമാവുകയാണ്. സ്വിസ് ശാസ്ത്രജ്ഞർ സ്വർണ അരി (GOLDEN RICE) കണ്ടുപിടിച്ചപ്പോൾ, കുട്ടികളിലെ വിറ്റാമിൻ എ. കുറവ് പരിഹരിക്കപ്പെടും എന്ന പ്രചരണവുമായാണ് വന്നത് എന്നോർക്കുന്നത് നന്നായിരിക്കും.

വിറ്റാമിൻ എൻ. വിറ്റാമിൻ എം. (എൽ- ലാന്റ്, എം- മണി) എന്നിവയാണ് സംരക്ഷിക്കേണ്ടത് എന്ന് വിറ്റാമിൻ എ. വാദത്തോട് അവർ പ്രതികരിക്കുന്നു. വികസ്വര രാജ്യങ്ങളിലെ കൃഷിക്കാരും ഉപഭോക്താളും എതിർ പ്രചരണവുമായി മുന്നോട്ടു പോകുന്നതിനാൽ, തർക്കം കുറേക്കാലം കൂടി മാധ്യമങ്ങളിൽ നിലനിൽക്കും. അതിനുശേഷം എന്തു സംഭവിക്കും?

ലോകത്തെ കൃഷിയുടെയും ഭക്ഷണത്തിന്റേയും അതു വഴി സംസ്കാരത്തിന്റേയും അടിത്തറയിലേക്ക് ജി.എം. വിള ആഴ്ന്നു കയറുന്നത് നോക്കി നില്ലാനാകുമോ?